**അനുബന്ധം 1**

<u>ശ്രദ്ധക്ഷണിക്കൽ</u>

<u>ശ്രീമതി യു. പ്രതിഭ എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

മാലിന്യമുക്തമായ നവകേരളം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് സമഗ്രവും ഏകോപിതവും എന്നാൽ വികേന്ദ്രീകൃതവുമായ മാലിന്യ പരിപാലന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബഹുജന പങ്കാളിത്തത്തോടെ മാലിന്യ പരിപാലനരംഗത്ത് പ്രവർത്തിക്കുന്നു. ശുചിത്വമിഷൻ, ഹരിത കേരള മിഷൻ, ക്ലീൻ കേരള കമ്പനി, കെ.എസ്.ഡബ്ല്യു.എം.പി. എന്നിവ മുഖേന സംസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ ഇക്കാര്യങ്ങളുടെ ഏകോപനത്തിനായി വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയറ്റ് എന്ന സംവിധാനവും പ്രവർത്തിച്ചുവരുന്നു. ഈ പ്രവർത്തനങ്ങളുടെ ഫലമായി മാലിന്യ പരിപാലന രംഗത്ത് വലിയൊരു മാറ്റമാണുണ്ടായിട്ടുള്ളത്.

കേരളത്തിൽ പ്രതിദിനം 7477 ടൺ ജൈവ മാലിന്യവും 2196 ടൺ അജൈവ മാലിന്യവും 4043 ടൺ ദ്രവമാലിന്യവുമാണ് ഉണ്ടാകുന്നത്. വികേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ രീതിയാണ് സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുന്നത്. വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട ജൈവ മാലിന്യ ഉപാധി ഉറപ്പാക്കുന്നതിനോടൊപ്പം കമ്മ്യൂണിറ്റിതല ജൈവ മാലിന്യ സംസ്കരണ ഉപാധികളും സംസ്ഥാനത്തുണ്ട്.

അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണം 2023 മാർച്ചിൽ 47 ശതമാനമായിരുന്നത് നിലവിൽ 98 ശതമാനത്തിലേക്ക് ഉയർത്തി. ഇവ സാധ്യമാക്കുന്നതിനായി മാലിന്യസംസ്കരണ രംഗത്ത് വലിയ രീതിയിലുള്ള അടിസ്ഥാനസൗകര്യവികസന പ്രവർത്തനങ്ങൾ 2022 മുതൽ സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്. മിനി എം.സി.എഫുകളുടെ എണ്ണം 2023 മാർച്ചിൽ 7446 ആയിരുന്നത് 2025 നവംബറിൽ 22838 ആയി വർധിച്ചു. എം.സി.എഫ്.-കളുടെ എണ്ണം 1160-ൽ നിന്ന് 1526 ആയി വർധിച്ചു. ആർ.ആർ. എഫുകൾ 87 എണ്ണമായിരുന്നത് 192 ആയി. ഹരിതകർമ്മ സേന അംഗങ്ങളുടെ എണ്ണം 2023 മാർച്ചിൽ 33378 ആയിരുന്നത് 2025 നവംബറിൽ 38355 ആയി വർധിച്ചു. പൊതുസ്ഥലങ്ങളിൽ 56737

ബിന്നുകളും 26967 ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്. ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്ന വീടുകളുടെ എണ്ണം 11.24 ലക്ഷത്തിൽനിന്ന് 9459283 ആയി വർധിച്ചു.

120 ടൺ സാനിറ്ററി മാലിന്യം പ്രതിദിനം കേരളത്തിൽ ഉൽപാദിപ്പിക്കുന്നു. നിലവിൽ കേരളത്തിൽ പാലക്കാട് നഗരസഭ, തൃശ്ശൂർ കോർപ്പറേഷൻ, എളവള്ളി ഗ്രാമ പഞ്ചായത്ത്, കൊരട്ടി ഗ്രാമപഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഡബിൾ ചേമ്പർ ഇൻസിനറേറ്റർ പ്രവർത്തിക്കുന്നു. കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 23 സാനിറ്ററി ഇൻസിനറേറ്റർ പ്രോജക്റ്റ് നിലവിലുണ്ട്. നിലവിൽ ഫ്ലോറേറ്റ് ടെക്നോളജീസ് എന്ന ഏജൻസിക്ക് ഡബിൾ ചേമ്പർ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ശുചിത്വമിഷൻ എംപാനൽമെന്റ് നൽകിയിട്ടുണ്ട്. കൂടാതെ ചെറിയ ശേഷിയുള്ള വാൾ മൗണ്ടഡ് ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് HLL ലൈഫ് കെയറിന് ശുചിത്വമിഷൻ എംപാനൽമെന്റ് നൽകിയിട്ടുണ്ട്.

ആക്രി ആപ്ലിക്കേഷൻ മുഖേന തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി 4 കോർപ്പറേഷൻ, 17 നഗരസഭ തുടങ്ങി

തദ്ദേശസ്ഥാപനങ്ങളിൽനിന്നും സാനിറ്ററി മാലിന്യം ശേഖരിച്ച് KEIL-ൽ സംസ്കരിക്കുന്നു. ഇതുവരെ 2504 ടൺ സാനിറ്ററി മാലിന്യം ആക്രി ആപ്ലിക്കേഷൻ മുഖേന ശേഖരിച്ചിട്ടുണ്ട്. മേഖലാ തലത്തിൽ പ്രതിദിനം 20 ടൺ ശേഷിയുള്ള 4 സാനിട്ടറി മാലിന്യ പ്ലാന്റുകൾ ക്ലീൻ കേരള കമ്പനിയുടെ ചുമതലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അജൈവ മാലിന്യ ശേഖരണ കലണ്ടർ പ്രകാരം വർഷത്തിൽ രണ്ട് പ്രാവശ്യം ഇലക്ട്രോണിക് മാലിന്യങ്ങൾ (ഇ-വേസ്റ്റ്) ഹരിതകർമ്മസേന മുഖേന ശേഖരിച്ചുവരുന്നു. വീടുകളിൽനിന്നും പുനഃചംക്രമണ യോഗ്യമായ ഇ-മാലിന്യം വില നൽകി ഹരിത കർമ്മ സേന ശേഖരിക്കുന്നു. ശേഖരിച്ച ഇ-മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറുമ്പോൾ അതിനുള്ള വില ക്ലീൻ കേരള കമ്പനി ഹരിതകർമ്മ സേനയ്ക്ക് നൽകും. വീടുകളിൽനിന്ന് ശേഖരിക്കുന്ന ആപത്കര ഇ-മാലിന്യത്തിനുള്ള വില ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകുന്നു. ഇതിനോടകം നഗര തദ്ദേശ സ്ഥാപനങ്ങളിൽനിന്നും 349 ടൺ ഇ-വേസ്റ്റ് ശേഖരിച്ചിട്ടുണ്ട്. 2023-24, 2024-25, 2025-26 (ഫെബ്രുവരി വരെ) സാമ്പത്തിക

വർഷങ്ങളിലായി ക്ലീൻ കേരള കമ്പനി സംസ്ഥാനത്ത് ആകെ 620 ടൺ ഇ-മാലിന്യം ശേഖരിച്ചിട്ടുണ്ട്.

നിലവിൽ കേരളത്തിൽ 27,690 ബാർബർ/ബ്യൂട്ടി പാർലറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 10979 ഷോപ്പുകളിൽനിന്ന് ശുചിത്വമിഷൻ എംപാനൽ ചെയ്ത ഏജൻസിയായ ആഷ് ലോജിക്സ് കരാറടിസ്ഥാനത്തിൽ ഏകീകൃത യൂസർഫീ നിരക്കിൽ മുടി മാലിന്യം ശേഖരിക്കുന്നുണ്ട്. കോഴി മാലിന്യ സംസ്കരണത്തിനായി സ്വകാര്യ പങ്കാളിത്തത്തോടെ സ്വകാര്യ ഉടമസ്ഥതയിൽ 48 റെൻഡറിങ് പ്ലാന്റുകൾ സ്ഥാപിച്ചു. ഇതിൽ 28 എണ്ണം പൂർണ്ണതോതിൽ പ്രവർത്തിച്ച് ദിനംപ്രതി 784.5 ടൺ കോഴി മാലിന്യം സംസ്കരിക്കുന്നു.

കമ്മ്യൂണിറ്റി തലത്തിൽ പ്രതിദിനം 129 എം.എൽ.ഡി. ശേഷിയുള്ള 11 ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകളും 470 കെ.എൽ.ഡി. ശേഷിയുള്ള 5 എഫ്.എസ്.ടി.പി.-യും 600 കെ.എൽ.ഡി. ശേഷിയുള്ള രണ്ട് കോ-ട്രീറ്റ്മെന്റ് സംവിധാനവും 20 മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകളും ഇതിനകം സജ്ജമാക്കിയിട്ടുണ്ട്. 15 എം.എൽ.ഡി. ശേഷിയുള്ള അഞ്ച് എസ്.ടി.പി.-കൾ, 634 കെ.എൽ.ഡി. ശേഷിയുള്ള 10 എഫ്.എസ്.ടി.പി.-കൾ, 50

കെ.എൽ.ഡി. ശേഷിയുള്ള ഒരു കോ-ട്രീറ്റ്മെന്റ് സംവിധാനം എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.

ഹരിതകർമ്മ സേന ശേഖരിക്കുന്ന പുനഃചംക്രമണ യോഗ്യമായ പ്ലാസ്റ്റിക് സംസ്കരിക്കുന്നതിനായി പത്തനംതിട്ടയിലെ കുന്നന്താനത്ത് ഇന്റഗ്രേറ്റഡ് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ഫെസിലിറ്റി ഫാക്ടറി സ്ഥാപിച്ചു. നിലവിൽ 100 ടണ്ണിലധികം പ്ലാസ്റ്റിക് ഇവിടെ സംസ്കരിച്ചുകഴിഞ്ഞു. അജൈവ പാഴ്‌വസ്തു വിപണനത്തിലൂടെ ഹരിതകർമ്മസേനക്ക് 3.6 കോടി രൂപ നൽകാൻ ക്ലീൻ കേരള കമ്പനിക്ക് കഴിഞ്ഞു.

ജൈവമാലിന്യം വലിയ തോതിൽ സംസ്കരിക്കുന്നതിന് ബയോ സി.എൻ.ജി. പ്ലാന്റുകൾ പ്രവർത്തിക്കുന്നു. പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ, ചങ്ങനാശ്ശേരി, കൊല്ലം എന്നീ നഗരങ്ങളിലായി പ്രതിദിനം 790 ടൺ ശേഷിയുള്ള ബയോ സി.എൻ.ജി. പ്ലാന്റുകളാണുള്ളത്. കൊച്ചി ബ്രഹ്മപുരത്ത് ബി.പി.സി.എൽ. മുഖേന കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റിന്റെ (സി.ബി.ജി. പ്ലാന്റ്) നിർമ്മാണം പൂർത്തിയായി. കോഴിക്കോട് ഞെളിയൻപറമ്പിൽ സി.ബി.ജി. പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ത്രികക്ഷി കരാർ ഒപ്പുവെച്ചു. കൊല്ലം കുരീപ്പുഴയിലും സി.ബി.ജി. പ്ലാന്റ് ആരംഭിക്കും.

ലോകബാങ്ക് സഹായത്തോടെയുള്ള കേരള ഖരമാലിന്യ പരിപാലന പദ്ധതി മുഴുവൻ നഗരസഭകളിലും നടപ്പാക്കുന്നു.

കക്കൂസ് മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ജില്ലകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ദ്രവമാലിന്യ പദ്ധതികൾ (FSTP) ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കക്കൂസ് മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റ് (MTU) 18 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി പ്രവർത്തിപ്പിച്ചുവരുന്നു.

**അനുബന്ധം 2**

ശ്രീ. സനീഷ് കുമാർ ജോസഫ് എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന്
മുഖ്യമന്ത്രി നൽകിയ മറുപടി

പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ചാലക്കുടി പുഴയിലെ ഷോളയാർ നദീതടത്തിലെ കേരള ഷോളയാർ റിസർവോയറിൽനിന്ന് ഒരു ജലവർഷം 12.3 ടി.എം.സി. ജലം കേരളത്തിന് ലഭിക്കേണ്ടതുണ്ട്. കൂടാതെ സെപ്റ്റംബർ 1-നും ഫെബ്രുവരി 1-നും 2663 അടിയിലും സെപ്റ്റംബർ 2 മുതൽ ജനുവരി 31 വരെ 2658 അടിക്ക് താഴെയും ജലനിരപ്പ് തമിഴ്നാട് നിലനിർത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെ കേരള

ഷോളയാറിൽനിന്ന് 12.3 ടി.എം.സി. ജലം കേരളത്തിന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമെ തമിഴ്നാട് പറമ്പിക്കുളത്തേക്ക് ജലം തിരിച്ചുവിടാവൂവെന്ന വ്യവസ്ഥയുമുണ്ട്.

എന്നാൽ കഴിഞ്ഞ 10 ജല വർഷങ്ങളിൽ ഭൂരിപക്ഷത്തിലും ഫെബ്രുവരി 1-ന് കേരളാ ഷോളയാർ ജലസംഭരണി പൂർണ്ണമായി നിറയ്ക്കണമെന്ന വ്യവസ്ഥ തമിഴ്നാട് ലംഘിക്കുകയുണ്ടായി. ഇക്കൊല്ലവും ജലനിരപ്പ് പാലിക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടെങ്കിലും അനുകൂല നിലപാടുണ്ടായില്ല.

പറമ്പിക്കുളം-ആളിയാർ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ജലനിരപ്പ് നിലനിർത്താൻ കഴിയാത്തതിന്റെ പ്രധാന കാരണം കേരള ഷോളയാർ പവർ ഹൗസിലെ അധിക ജലവിനിയോഗമാണെന്നാണ് തമിഴ്നാടിന്റെ വാദം. പവർഹൗസിലെ നീക്കം ചെയ്ത മെഷിനറിയുടെ പവർഹൗസ് കോൺസ്റ്റന്റ് ഉപയോഗിച്ച് വെള്ളത്തിന്റെ അളവ് തമിഴ്നാട് കണക്കാക്കുന്നതിലെ അപാകതയാണ് തെറ്റായ വാദത്തിന് കാരണമെന്നും അത് അംഗീകരിക്കാൻ കഴിയില്ലെന്നും കേരളം വ്യക്തമാക്കിയിട്ടുണ്ട്. പുതുതായി സ്ഥാപിച്ച മെഷീനുകൾ അടിസ്ഥാനമാക്കി പവർഹൗസ് കോൺസ്റ്റന്റ്

നിശ്ചയിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന ചീഫ് സെക്രട്ടറി 25-01-2026-ന് തമിഴ്നാട് ചീഫ് സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ട്.

ജലവിതരണ കണക്കുകൾ ശരിയായ നിലയിൽ പുനർനിർണ്ണയം ചെയ്യണമെന്ന സംസ്ഥാനത്തിന്റെ നിർദേശത്തോട് നിഷേധാത്മക സമീപനമാണ് തമിഴ്നാട് സ്വീകരിച്ചിട്ടുള്ളത്.

സംയുക്ത ജലക്രമീകരണ ബോർഡിൽ ചർച്ച ചെയ്ത് സമവായത്തിലൂടെ മാത്രമെ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനാകൂ. ഇതിനായി ബോർഡ് കൂടണമെന്ന ആവശ്യപ്പെട്ടെങ്കിലും തമിഴ്നാട് അനുകൂല സമീപനം സ്വീകരിച്ചിട്ടില്ല.

വിഷയത്തിന്റെ അടിയന്തര സ്വഭാവം കണക്കിലെടുത്ത് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ഇക്കാര്യത്തിൽ ശക്തമായ ഇടപെടലുകൾ തുടർന്നും നടത്തുന്നതാണ്.